www.kalakaumudi.com

FOLLOW US ON

# കലാകൗമുദി

2018 ഒക്ടോബർ 14 – 21 വില ₹ 20

2250



## പാതിരായ്ക്ക് ലഹരി തേടി

പ്രൊഫ. ജി. ബാലചന്ദ്രൻ

## മുറിവുകൾ എഴുതുന്ന പെൺചരിത്രം

ഡോ. സംഗീത ചേനംപുല്ലി

## എൻജിനീയറിംഗ് എൻട്രൻസ് ഇനി വേണോ?

ഉന്നതവിദ്യാഭ്യാസ മന്ത്രിയായി ചുമതലയേറ്റ കെ.ടി. ജലീൽ ചോദിക്കുന്നു

## അംഗുലീമാലൻ

എസ്. രമേശൻ നായർ

## രൂപ ഇടിയാനുള്ള കാരണം

ഡോ. കെ. മായ, ഡോ.വി. അജയകുമാർ

# കാത്തിരിപ്പിനൊടുവിൽ

ശേഖർ ക്ലോക്കിലേക്കു നോക്കി. ഒരു മണി ആകുന്നതേയുള്ളു. ക്ഷമ കെട്ടോ തനിക്ക്. രാധിക വരാറായിരിക്കുന്നു. വാക്കു പറഞ്ഞാൽ വാക്കാണ്. വന്നിട്ട് ഒന്നിച്ച് ചിറ്റയുടെ വീട്ടിലേക്ക് ഒരു മിന്നൽ വിസിറ്റ്, പുറത്തുനിന്നൊരു ഉഗ്രൻ ലഞ്ച്, ഒരു ചെറിയ ഷോപ്പിംഗ്, സിനിമ, തിരിച്ച് വീട്ടിലേക്ക്. പ്ലാൻ ചെറുതാണ്. വളരെ നാളുകൾക്കുശേഷം ഒന്നു സംഘടിപ്പിച്ചെടുത്തു. എത്ര പാടുപെട്ടു! രണ്ടുപേരുടെയും ജോലിത്തിരക്കുകൾ വരുത്തുന്ന ഒരു വിന.

എപ്പോഴൊക്കെ ഒരു ഔട്ടിംഗ് പ്ലാൻ ചെയ്യുന്നവോ അപ്പോഴൊക്കെ എന്തെങ്കിലും ഒരു വിഘ്നം വന്നുവീഴും.

ഭാഗ്യം! ഇന്ന് ഒരു ബ്രേക്ക് തരമാക്കി.

ഒന്നു സുന്ദരമായി റിലാക്സ് ചെയ്യണം.

വലിയ വെയിൽ ഇല്ലാത്ത, മഴ മാറിനിൽക്കുന്ന സുന്ദരമായൊരു ദിനം!

എത്രനേരം ദിവാസ്വപ്നത്തിൽ മുഴുകിയെന്നറിയില്ല. അച്ഛന്റെ പഴയ ചാരുകസേരയിൽ കിടന്നൊന്ന് മയങ്ങി.

കോളിംഗ് ബെൽ അടിക്കുന്നതുകേട്ടു. കണ്ണു തുറന്നു. ക്ലോക്കിൽ നോക്കി. ഒരു മണി. രാധിക തന്നെ.

പെട്ടെന്ന് ചാടി എണീറ്റ് ചെന്ന് വാതിൽ തുറന്നു.

"ശേഖരേട്ടാ, ഞാൻ വന്നു. "രാധി പറഞ്ഞു–

സാരിയിലെ ചോരപ്പാടുകളിൽ കണ്ണുകൾ ഉടക്കി. ഇടത്തേ നെറ്റിയിലെ മുറിവിൽ നിന്നും ചോര ചെറുതായി ഒഴുകുന്നുണ്ട്.

ഉള്ളു വിറച്ചു പോയി.

"രാധി, എന്താണിത്? എന്തുപറ്റി? എന്നെ എന്തേ വിളിച്ചില്ല താൻ? ഹോസ്പിറ്റലിൽ പോകൂ...." തുടരുവാൻ രാധി അനുവദിച്ചില്ല.

"ശേഖരേട്ടാ, ഒന്നുമില്ലന്നേ. ഒരു ചെറിയ മുറിവ്. അത്രയേയുള്ളൂ. ബസ് സഡൺ ബ്രേക്കിട്ടപ്പോൾ തെറിച്ചു വീണതാണ് എൻജിന്റെ മേലേയ്ക്ക്. മറ്റു ചിലർക്കും പരിക്കുകൾ പറ്റിയിട്ടുണ്ട്. സാരമില്ല. ഹോസ്പിറ്റലിൽ പോകാം. ഞാനല്പമൊന്നിരിക്കട്ടെ".



അവൾ അകത്തേക്കു കടന്നു.

"തനിക്കെല്ലാം നിസാരമാണ്. സൂക്ഷിക്കാൻ പറഞ്ഞാൽ ഒരു രക്ഷയുമില്ല. കുട്ടികളേക്കാൾ കഷ്ടമാണ്. നമുക്കുടൻ തന്നെ ഹോസ്പിറ്റലിൽ പോകണം. കളിക്കല്ലേ–എന്തെങ്കിലും വന്നാൽ...."

"ശേഖരേട്ടാ, ഇതെന്തൊരു പേടി! പേടിക്കേണ്ടന്നേ. എനിക്കൊന്നുമില്ല. ഞാൻ അത്രപെട്ടെന്ന് എന്റെ ശേഖരേട്ടനെ വിട്ടുപോകുമോ? ജീവിച്ചു മതിയായിട്ടില്ല... ഉവ്വോ ശേഖരേട്ടാ?"

മനസ്സിലെ പിടപിടപ്പ് മറച്ചു ശേഖർ തിരക്കു കൂട്ടി.

"ഒരു പുന്നാരം! അതുമിതും പറയാതെ വേഗം വരൂ. ഞാൻ വണ്ടിയെടുക്കട്ടെ. ഓ... മൊബൈലും പേഴ്സും..."

കാറ്റത്തു പാതി തുറന്നു കിടന്ന വാതിൽ അടയുന്ന ശബ്ദം....

ശേഖർ ഞെട്ടിയുണർന്നു. ചുറ്റും നോക്കി. താൻ ചാരുകസേരയിൽ തന്നെ കിടക്കുന്നു. മുറിയിൽ വേറെ ആരുമില്ല. കണ്ണുകൾ തിരഞ്ഞു. രാധിയെവിടെ?

ഇല്ല. ആരുമില്ല.

താൻ കണ്ടത് വെറുമൊരു സ്വപ്നമായിരുന്നോ? ഓ... വല്ലാത്തൊരു സ്വപ്നം! ക്ലോക്കിൽ നോക്കി. സമയം ഒന്നര ആയിരിക്കുന്നു. മൊബൈൽ അടിക്കുന്ന ശബ്ദം. രാധിയാകുമോ? എന്താ കാണാത്തത്?

മൊബൈൽ മേശപ്പുറത്തു നിന്നും എടുത്തു: "ഹലോ... ഹലോ..."

മറ്റേ തലയ്ക്കലെ ശബ്ദം അപരിചിതമാണ്. "9490943.... അല്ലേ?"

"അതേ" മറുപടി നൽകി.

"മെഡിക്കൽ കോളജ് ഹോസ്പിറ്റലിൽ നിന്നാണ്. ബസ് ആക്സിഡന്റിൽപെട്ട് ഒരു പേഷ്യന്റിനെ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. അവരിൽ നിന്നാണ് നമ്പർ കിട്ടിയത്. വേഗം വരണം".

കണ്ണിൽ ഇരുട്ടു കയറുന്നതുപോലെ–

ഇതെല്ലാം സ്വപ്നത്തിന്റെ ഭാഗമാണോ? കാറെടുത്ത് ഹോസ്പിറ്റലിൽ എത്തിയത് മിന്നൽ വേഗത്തിലായിരുന്നു.

കാഷ്വാലിറ്റിയിലെത്തി വിവരം ആരാഞ്ഞു. സ്ട്രെച്ചറിൽ കിടത്തിയിരുന്ന ഒരു പേഷ്യന്റിന്റെ അടുക്കലേക്ക് ഒരു നേഴ്സ് കൂട്ടിക്കൊണ്ടുപോയി.

ഇടനെഞ്ചിലൊരു മിന്നൽ. ഒരു ഷീറ്റ് കൊണ്ട് ആകെ മൂടിയിരിക്കുന്നു. ഒന്നും ഉരിയാടാതെ നേഴ്സ് മുഖത്തുനിന്നും ഷീറ്റ് മാറ്റി.

ഇടത്തേ നെറ്റിയിലെ മുറിപ്പാടിൽ നിന്നും ചോര ഒലിച്ചിറങ്ങിയ പാടുകൾ. രക്തം കട്ടപിടിച്ചു കിടക്കുന്നു.

"കൊണ്ടു വരുമ്പോൾ ബോധമുണ്ടായിരുന്നു. ഡോക്ടർ ആകുന്നതും നോക്കി രക്ഷിക്കുവാൻ. പക്ഷേ..." നേഴ്സ് പതുക്കെ ഉരുവിട്ടു.

തന്റെ കാലിന്നിടയിൽ നിന്നും ഭൂമി ഇളകി മാറുന്നതായി ശേഖറിനു തോന്നി. ഒരു തേങ്ങലോടെ തന്റെ മുന്നിലെ ശൂന്യതയെന്ന യാഥാർത്ഥ്യം അയാൾ തിരിച്ചറിയുകയായിരുന്നു.

(ജി.രേഖ വേണുഗോപാൽ:
0484-2538207, 9495273791)

മെലിൻഡ ബുക്സ്

വായനയുടെ വസന്തകാലം

വിവേകാനന്ദം

എസ്. സുജാതൻ

സ്വാമി വിവേകാനന്ദൻ കേന്ദ്ര കഥാപാത്രമാകുന്ന മലയാളത്തിലെ ആദ്യ ശ്രദ്ധേയ നോവൽ






ത്യാഗത്തിന്റെയും സഹനത്തിന്റെയും കനൽപാതയിലൂടെ സഞ്ചരിച്ച് ലോകത്തിന്റെ നെറുകയിലെത്തിയ സ്വാമി വിവേകാനന്ദന്റെ ജീവിതവഴികളിലൂടെ സഞ്ചരിക്കുന്ന അപൂർവ സുന്ദരമായ നോവൽ. ഭാരതത്തിന്റെ മഹത്തായ പാരമ്പര്യത്തെ ആഗോളതലത്തിലെത്തിച്ച ആ മഹത് ജീവിതത്തിന്റെ നേർച്ചിത്രം.

മെലിൻഡ ബുക്സ്

മെലിൻഡ ബുക്സ്, പി.എം.ജി, ജംഗ്ഷൻ,
തിരുവനന്തപുരം 33,
ഫോൺ: 0471 – 2721155, 9645494767
9495874461, 9447103432
melindabookskerala@gmail.com

KALA KAUMUDI WEEKLY THIRUVANANTHAPURAM-11 ISSUE NO: 2250 Published on
Sunday 2018 October 14 Rs 20/- RNI No. 28161/75 Postal Reg. No. KL/TV(N)142/2015-2017

